# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.682 01.11.2011 ൽ മറുപടിക്ക്

## അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. എൻ. എ. ഖാദർ<br>ശ്രീ. സി. മോയിൻകുട്ടി<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. കെ. എം. ഷാജി | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് ഓടുന്ന വാഹനങ്ങളിൽ ആധുനികരീതിയിലുള്ള അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ ഏർപ്പെടുത്തുന്ന കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ; | (എ) ബഹു. സുപ്രീം കോടതി 13.8.2010 ൽ WP(C)510/2005 ന്മേൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ കേരളത്തിലെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ അതിസുരക്ഷാ നമ്പർ പ്ലേറ്റ് പദ്ധതി നടപ്പിലാക്കുന്നതിന് ദർഘാസ് ക്ഷണിക്കുവാൻ നിർദ്ദേശം നൽകിയിരുന്നു. അതനുസരിച്ച് 7.10.2010 ലെ ജി.ഒ.(എം.എസ്) നം.69/2010/ട്രാൻ പ്രകാരം സർക്കാർ ദർഘാസ് ക്ഷണിക്കുവാനുള്ള ഉത്തരവ് പുറപ്പെടുവിച്ചു. 31.01.2011 ആണ് ദർഘാസ് തുറക്കുവാനുള്ള തീയതിയായി നിശ്ചയിച്ചത്. അന്നേ ദിവസം 2 കമ്പനികൾ ദർഘാസ് സമർപ്പിച്ചു - (1)M/s Akruti Security Plates Pvt Ltd, Mumbai; (2) M/s Kerala Small Industries Development Corporation Ltd (SIDCO), Thiruvananthapuram അവയുടെ പ്രീ-ക്വാളിഫിക്കേഷൻ ബിഡ്ഡുകൾ ഒരു വകുപ്പുതല സമിതി പരിശോധിക്കുകയും Kerala SIDCO ദർഘാസ് നിബന്ധനകൾ അനുസരിച്ചല്ല ദർഘാസ് സമർപ്പിച്ചിരിക്കുന്നത് എന്ന് വിലയിരുത്തുകയും ചെയ്തു. അതിനിടെ M/s Tonnjes Eastern Security Technologies Pvt Ltd എന്ന കമ്പനി ദർഘാസിലെ ചില നിബന്ധനകൾക്കെതിരെയും ദർഘാസ് സമർപ്പിക്കാനുള്ള തീയതി നീട്ടിക്കിട്ടണമെന്നും ആവശ്യപ്പെട്ട് ബഹു. കേരള ഹൈക്കോടതി മുമ്പാകെ 31.01.2011 ൽ WP(C)3149/2011 കേസ് ഫയൽ ചെയ്തു. അന്നുതന്നെ ദർഘാസ് തുറക്കുന്നത് ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നത് വരെ സ്റ്റേ ചെയ്തു കൊണ്ട് കോടതി ഉത്തരവ് പുറപ്പെടുവിച്ചു. ഈ കാര്യങ്ങൾ ബഹു. സുപ്രീംകോടതിയുടെ ശ്രദ്ധയിൽ കൊണ്ടു വരികയും എത്രയും വേഗം സ്റ്റേ നീക്കാനുള്ള നടപടികൾ |

കൈക്കൊള്ളാൻ കോടതി നിർദ്ദേശിക്കുകയും ചെയ്തു. 05.04.2011 ലെ ഉത്തരവ് പ്രകാരം കേരള ഹൈക്കോടതി WP(C)3149/2011 ൽ പുറപ്പെടുവിച്ച സ്റ്റേ ഉത്തരവ് നീക്കുകയും ദർഘാസിന്മേൽ നടപടികൾ തുടരുവാൻ നിർദ്ദേശിക്കുകയും ചെയ്തു. M/s ആക്രുട്ടി (Akruti) സെക്യൂരിറ്റി പ്ലേറ്റ്സ് WP(C)3149/2011 ന്മേൽ സമർപ്പിച്ച അപ്പീലിൽ 12.4.2011 ൽ കേരള ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിൽ ഒരു കമ്പനി മാത്രം ദർഘാസ് നിബന്ധനകൾ പ്രകാരം യോഗ്യരായിട്ടുള്ളതിനാൽ അവർക്ക് കരാർ കൊടുക്കുന്നത് അതിസുരക്ഷാ നമ്പർ പ്ലേറ്റ് നടപ്പിലാക്കിയ മറ്റ് സംസ്ഥാനങ്ങളിലെ നിരക്കുകളുമായി താരതമ്യം നടത്തിയ ശേഷം ന്യായമാണെങ്കിൽ മാത്രം നൽകിയാൽ മതിയെന്നും അല്ലെങ്കിൽ പുതിയ ദർഘാസ് ക്ഷണിക്കുവാനും ബഹു. സുപ്രീം കോടതിയിൽ അതിനായി സമയം നീട്ടിത്തരുവാനായി അപേക്ഷിക്കാനും സർക്കാരിനോട് നിർദ്ദേശിച്ചു. ഈ വിധിക്കെതിരെ M/s ടോൺജജ്സ് ഈസ്റ്റേൺ സെക്യൂരിറ്റി ടെക്നോളജീസ് ബഹു. സുപ്രീം കോടതി മുമ്പാകെ സ്പെഷ്യൽ ലീവ് പെറ്റീഷൻ SLP (C)13630-13631/2011 ഫയൽ ചെയ്യുകയും 13.5.2011 ലെ ഉത്തരവ് പ്രകാരം ദർഘാസിന്മേലുള്ള തുടർനടപടികൾക്കെതിരെ കോടതി സ്റ്റേ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഈ കേസിലെ തുടർ വിചാരണ 03.11.2011 നാണ് നിശ്ചയിച്ചിരിക്കുന്നത്. 12.8.2011 ൽ WP(C)510/2005 ൽ പുറപ്പെടുവിച്ച ഉത്തരവിൽ സുപ്രീം കോടതി കേരളത്തിന്റെ പുനഃദർഘാസിനുള്ള അപേക്ഷ തള്ളിക്കളയുകയും 30.8.2011 ലെ ഉത്തരവ് പ്രകാരം എല്ലാ സംസ്ഥാനങ്ങളോടും 8 ആഴ്ചയ്ക്കകം എല്ലാ ജില്ലകളിലും ഈ പദ്ധതി പൂർത്തീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ഈ സമയപരിധി 25.10.2011 ന് അവസാനിക്കുകയും ചെയ്തു. ഇതിനിടെ ബിഡിന്റെ സാധുത (validity) 29.7.2011 ൽ അവസാനിക്കുകയുണ്ടായി. ബഹു. സുപ്രീംകോടതിയുടെ രണ്ട് ബഞ്ചുകൾ വ്യത്യസ്തമായ രീതിയിൽ പുറപ്പെടുവിച്ചിരുന്ന വിധികൾ നിലനിൽക്കുന്നതിനാൽ മോട്ടോർ വാഹന വകുപ്പിന് ഇപ്പോൾ ലഭിച്ച ദർഘാസിന്മേൽ തുടർ നടപടികൾ സ്വീകരിക്കുവാനോ പുതിയ ദർഘാസ് വിളിക്കുന്നതിനുള്ള നടപടികളെടുക്കുവാനോ സാധിക്കാതെ വന്നിരിക്കുകയാണ്. ഈ കാര്യങ്ങളെല്ലാം ബഹു. സുപ്രീം കോടതിയുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനും

ഉചിതമായ ഉത്തരവു തേടുന്നതിനുമായി ബഹു. സുപ്രീം കോടതി മുമ്പാകെ ഇന്റർലോക്യൂട്ടറി ആപ്ലിക്കേഷൻ ഫയൽ ചെയ്തിട്ടുണ്ട്.

| | |
|---|---|
| (ബി) അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ സ്ഥാപിക്കുന്നതു കൊണ്ടുളള ദോഷങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) ഉണ്ട് |

1. കാലോചിതമല്ല - അതിസുരക്ഷാ നമ്പർ പ്ലേറ്റുകളുടെ സാങ്കേതിക വിദ്യ രൂപീകരിച്ചത് 2001 ലാണ്. പത്ത് വർഷത്തിനുള്ളിൽ സാങ്കേതിക വിദ്യയിൽ വളരെയേറെ മാറ്റങ്ങൾ വന്നിട്ടുണ്ട്. വളരെ ചെലവു കുറഞ്ഞതും ഫലപ്രദവുമായ സാങ്കേതിക വിദ്യകളും ഉപകരണങ്ങളും ഇപ്പോൾ ലഭ്യമാണ്. നിലവിൽ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന അതിസുരക്ഷാ നമ്പർ പ്ലേറ്റിന്റെ സാങ്കേതിക നിർദ്ദേശങ്ങളിൽ സാങ്കേതികവിദ്യയിൽ വന്ന പുതിയ മാറ്റങ്ങൾ കൂടി ഉൾപ്പെടുത്തിയാൽ മാത്രമേ ഇതു കൊണ്ട് കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുവാനും കണ്ടുപിടിക്കുവാനും സാധിക്കുകയുള്ളൂ.

2. വിലകൂടുതൽ - കേരളത്തിലേയോ കേന്ദ്രത്തിലേയോ പൊതുമേഖലാ സ്ഥാപനങ്ങൾക്കൊന്നും തന്നെ അതിസുരക്ഷാ നമ്പർ പ്ലേറ്റ് നിർമ്മിക്കുന്നതിന്റെ സാങ്കേതിക വിദ്യയോ അനുമതിയോ ലഭിച്ചിട്ടില്ല. അതിനാൽ സ്വകാര്യ കമ്പനികളോ അവ ലീഡ് പാർട്ട്നർമാരായ കൺസോർഷ്യമോ ആണ് കൂടുതലായി ദർഘാസിൽ പങ്കെടുക്കുന്നത്. അതിനാൽ അവ ഉദ്ധരിക്കുന്ന നിരക്കുകൾ വളരെ കൂടുതലാവാൻ സാധ്യതയുണ്ട്.

3. ജീവനക്കാരുടെ കുറവ് - കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ അനുസരിച്ച് Registering Authority യുടെ സാന്നിദ്ധ്യത്തിൽ മാത്രമേ അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ വാഹനങ്ങളിൽ ഘടിപ്പിക്കാവൂ. മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ കേരളത്തിലാകെ 65 Registering Authority കൾ ഉണ്ട്. ഒരു ദിവസം ശരാശരി 80-90 വാഹനങ്ങൾ ഒരു ഓഫീസിൽ രജിസ്റ്റർ ചെയ്യുന്നുണ്ട്. ഇത് കൂടാതെ പഴയ വാഹനങ്ങളിലും അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ ഘടിപ്പിക്കേണ്ടതുണ്ട്. ഒരു ആഫീസിൽ 2 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെങ്കിലും അധികം ഉണ്ടെങ്കിൽ മാത്രമേ ഈ പദ്ധതി ഫലപ്രദമായി നടപ്പാക്കാനും നിരീക്ഷിക്കാനും സാധിക്കുകയുള്ളൂ എന്ന് പ്രാഥമികമായി വിലയിരുത്തിയിട്ടുണ്ട്. ഇത് കൂടാതെ നമ്പർ അലോട്ട്മെന്റ് നടത്തിയ ശേഷം മാത്രമേ അതിസുരക്ഷാ

നമ്പർ പ്ലേറ്റുകളിൽ രജിസ്ട്രേഷൻ നമ്പർ രേഖപ്പെടുത്താൻ സാധിക്കുകയുള്ളൂ. അതിനാൽ രജിസ്റ്റർ ചെയ്യുന്ന അന്നു തന്നെ വാഹനങ്ങളിൽ ഈ പ്ലേറ്റുകൾ ഘടിപ്പിക്കുവാൻ സാധിക്കുകയില്ല. മാത്രമല്ല ഒരു വാഹനത്തിൽ പ്ലേറ്റ് ഘടിപ്പിക്കുവാൻ 5-10 മിനിട്ട് വേണ്ടി വരും. അങ്ങനെ നോക്കുമ്പോൾ ഒരു ദിവസം ശരാശരി വളരെ കുറച്ച് വാഹനങ്ങളിൽ മാത്രമേ ഇവ ഘടിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. ഈ സാങ്കേതിക പോരായ്മ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതുണ്ട്.

4.<u>സ്ഥല സൗകര്യങ്ങളുടെ കുറവ്</u> - കേന്ദ്ര സർക്കാരിന്റെ ഉത്തരവ് പ്രകാരം അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ സ്ഥാപിക്കേണ്ടത് രജിസ്ട്രേഷൻ അതോറിറ്റിയുടെ പരിസരങ്ങളിൽ മാത്രമാണ്. എന്നാൽ വകുപ്പിന്റെ കീഴിലുള്ള ഒരു ആഫീസിലും ഇതിനാവശ്യമായ സ്ഥലം ലഭ്യമല്ല. ആയതിനാൽ കമ്പനിക്കാരോട് തന്നെ സ്ഥലം കണ്ടുപിടിക്കുവാനും അവ Registration premises ആയി അധികാരപ്പെടുത്തുമെന്നും ദർഘാസിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇതിനെതിരെയാണ് M/s ടോൺജ്ജസ് ഈസ്റ്റേൺ സെക്യൂരിറ്റി ടെക്നോളജീസ് ലിമിറ്റഡ് ബഹു. സുപ്രീം കോടതിയെ സമീപിച്ചിരിക്കുന്നത്. 05.04.2011 ലെ സ്റ്റേ നീക്കികൊണ്ടുള്ള ഉത്തരവിൽ ബഹു. കേരള ഹൈക്കോടതി ദർഘാസിലെ ഈ നിർദ്ദേശം അംഗീകരിച്ചിരുന്നു. ആവശ്യമായ സ്ഥലത്തിന്റെ ലഭ്യതയില്ലായ്മ ഈ പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിനെ ബാധിക്കാം.

| | |
|---|---|
| (സി) ഇക്കാര്യത്തിൽ സുപ്രീംകോടതി അടുത്ത കാലത്തു നടത്തിയ നിരീക്ഷണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | (സി) ബഹു. സുപ്രീം കോടതി അതിസുരക്ഷാ നമ്പർ പ്ലേറ്റ് പദ്ധതിയുമായി ബന്ധപ്പെട്ട പല ഘട്ടങ്ങളിലായി ഒട്ടേറെ നിരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. സുപ്രീം കോടതിയുടെ അഭിപ്രായ പ്രകാരം കേന്ദ്ര സർക്കാർ 2001-ൽ അതിസുരക്ഷാ നമ്പർ പ്ലേറ്റ് പദ്ധതിക്കു വേണ്ടി നിശ്ചയിച്ച സാങ്കേതിക വിദ്യ പ്രകാരം മാത്രമേ ദർഘാസ് ക്ഷണിക്കുവാൻ സാധിക്കുകയുള്ളൂ. |
| (ഡി) ഇക്കാര്യത്തിൽ മുൻകാലങ്ങളിൽ ഉയർന്ന വിവാദങ്ങൾ പരിഗണനയിൽ വന്നിട്ടുണ്ടോ; എങ്കിൽ അവ ഒഴിവാക്കി, പദ്ധതി നടപ്പിലാക്കാനുള്ള മാർഗ്ഗങ്ങളെ കുറിച്ച് അലോചിച്ചിട്ടുണ്ടോ; | (ഡി) ഉണ്ട്. 2002-ലും 2006-ലും അതിസുരക്ഷാ നമ്പർ പ്ലേറ്റ് പദ്ധതി നടപ്പിലാക്കാൻ ദർഘാസ് ക്ഷണിച്ചിരുന്നെങ്കിലും ദർഘാസിലെ നിബന്ധനകൾക്കെതിരെ വ്യാപകമായ പരാതിയുയരുകയും ബഹു. ഹൈക്കോടതിയിലും സുപ്രീം കോടതിയിലും നിരവധി കേസുകൾ ഫയൽ ചെയ്യുകയും ചെയ്തതിനാൽ യാതൊരു തുടർനടപടിയും എടുക്കുവാൻ സാധിച്ചിരുന്നില്ല. അതിനാൽ ദർഘാസിലെ |

നിബന്ധനകൾ പരിശോധിച്ച് വേണ്ട മാറ്റങ്ങൾ വരുത്തുവാനായി 27.01.2007 ലെ ജി.ഒ.(ആർ.റ്റി) നം.31/2007/ഗതാ പ്രകാരം ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, നിയമ വകുപ്പ് സെക്രട്ടറി , വിവരസാങ്കേതിക വകുപ്പ് സെക്രട്ടറി, എ.ഡി.ജി.പി (ഹെഡ് ക്വാർട്ടേഴ്സ്), സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, ട്രാൻസ്പോർട്ട് കമ്മീഷണർ എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി നൽകിയ ശുപാർശകൾ കൂടി ഉൾപ്പെടുത്തിയാണ് 2010-ൽ ദർഘാസ് ക്ഷണിച്ചത്. അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ നടപ്പിലാക്കുമ്പോൾ വേണ്ടത്ര മുൻകരുതലുകളും ജാഗ്രതയും പാലിക്കേണ്ടതുണ്ട്. അതിനാൽ അതിനനുസൃതമായി മാത്രമേ ദർഘാസ് ക്ഷണിക്കുവാൻ പറ്റുകയുള്ളു.

(ഇ) സുപ്രീംകോടതിയിൽ പ്രസ്തുത വിഷയത്തിൽ സർക്കാർ സ്വീകരിച്ച നിലപാടെന്താണെന്ന് വ്യക്തമാക്കുമോ?

(ഇ) അതിസുരക്ഷാ നമ്പർ പ്ലേറ്റ് പദ്ധതിയിൽ പരാമർശിക്കുന്ന സാങ്കേതിക വിദ്യ കാലോചിതമല്ല എന്നും അതിൽ ആധുനിക സാങ്കേതിക വിദ്യ കൂടി ഉൾപ്പെടുത്തിയാലേ ഫലപ്രദമാവുകയുള്ളുവെന്നും പ്രസ്തുത പദ്ധതി ഫലപ്രദമായി നടപ്പിലാക്കാൻ ആവശ്യമായ ജീവനക്കാരും സ്ഥലവും ലഭ്യമല്ലയെന്നും ബഹു. സുപ്രീം കോടതിയുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനായി സത്യവാങ്മൂലം ഫയൽ ചെയ്തിരുന്നു. എന്നാൽ 30.8.2011 ൽ ബഹു.സുപ്രീം കോടതി, WP(C)510/2005 ലെ IA No.10/2010 ലെ IA No.12/2010 ലെ ഉത്തരവു പ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും 8 ആഴ്ചയ്ക്കകം അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ നടപ്പാക്കിയിരിക്കണമെന്ന് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ടി ഉത്തരവിലെയും SLP(C)13630-13631/2001 എന്നിവയിൽ ബഹു. സുപ്രീം കോടതി 13.5.2011 ൽ പുറപ്പെടുവിച്ച ഉത്തരവിലെയും വൈരുദ്ധ്യം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടും കേസിലെ നടപടികൾ തുടർന്നുവരുന്നു.

സെക്ഷൻ ഓഫീസർ